മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

33 (1431) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. കെ. അജിത് :

ശ്രീ. ചന്ദ്രശേഖരൻ :

ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി 'തീവ്ര പങ്കാളിത്ത ആസൂത്രണ പദ്ധതി' എന്ന പേരിൽ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലേക്ക് പരിമിതപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധ്യതയുള്ള ബ്ലോക്കുകളുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനങ്ങളുടെ സവിശേഷ സാഹചര്യം അനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ കേന്ദ്ര തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ മാത്രമായി പരിമിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തീവ്രപങ്കാളിത്ത ആസൂത്രണ പ്രക്രിയ വഴി (IPPE) 2015-16 സാമ്പത്തിക വർഷത്തെ വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പിന്നോക്ക ബ്ലോക്കുകളുടെ കൂട്ടത്തിൽ സംസ്ഥാനത്തെ 22 ബ്ലോക്കുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭൗതിക-തൊഴിൽ സാഹചര്യമനുസരിച്ച് ഡയറി, നെല്ല്/ നാളികേരം/ഇതര വിളകളുമായി ബന്ധപ്പെട്ട കൃഷിപ്പണികൾ, പാട്ടകൃഷി, കയർ/ കൈത്തറി/ഖാദി മേഖലയിലെ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിട്ടുണ്ടെങ്കിലും അനുകൂല തീരുമാനം കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly